**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 614** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>പട്ടികജാതി വികസന ഫണ്ട് പൂർണമായി ചെലവഴിക്കുന്നതിന് നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. മുരളീധരൻ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** 2017-18 മുതൽ 2025-26 വരെ പട്ടികജാതി ക്ഷേമത്തിനായി വകയിരുത്തിയ തുക പൂർണ്ണമായി ചെലവഴിക്കാതെ ഏകദേശം 30% ഫണ്ട് പാഴാക്കിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** 2017-18 മുതൽ 2025-26 വരെ 14289.04 കോടി രൂപ പട്ടികജാതി വികസന വകുപ്പിന് സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികൾക്കായി 12871.35 കോടി രൂപയാണ് അനുവദിച്ചത്. വകുപ്പിന് അനുവദിച്ച തുകയിൽ 10935.22 കോടി രൂപ (84.96%) ചെലവഴിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിന്റെ

സമഗ്ര വികസനത്തിനായി ജനസംഖ്യാനുപാതികമായി അനുവദിക്കുന്ന തുകയിൽ പട്ടികജാതി വികസന വകുപ്പിന്റെ വിഹിതം പൂർണമായും ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**(ബി)** പട്ടികജാതി വിഭാഗത്തിന്റെ സമഗ്ര വികസനത്തിനായി ജനസംഖ്യാനുപാതികമായി അനുവദിക്കുന്ന തുക പൂർണമായും വിനിയോഗിക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിക്കുമോ; വിശദമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** 2024-25 സാമ്പത്തിക വർഷം വിവിധ പട്ടികജാതി ക്ഷേമ പദ്ധതികൾക്കായി അനുവദിച്ച 1370.60 കോടി രൂപയിൽ നിന്ന് 449.89 കോടി രൂപ 25.01.2025 ലെ സർക്കാർ ഉത്തരവ് പ്രകാരം വെട്ടിക്കുറച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** പട്ടികജാതി വിഭാഗത്തിന്റെ ജനസംഖ്യയ്ക്ക് ആനുപാതികമായി പട്ടികജാതി വിഭാഗത്തിന്റെ വികസനം ലക്ഷ്യം വച്ചുകൊണ്ട് 2024-25 സാമ്പത്തിക വർഷം സംസ്ഥാന ബജറ്റിൽ സ്പെഷ്യൽ കമ്പോണന്റ് പ്ലാനിലേക്കായി 2979.4 കോടി രൂപ വകയിരുത്തിയിരുന്നു. ഈ തുകയുടെ 55 ശതമാനം വരുന്ന 1638.10 കോടി രൂപ പട്ടികജാതി വികസന വകുപ്പിനും 45 ശതമാനം വരുന്ന 1341.30 കോടി രൂപ തദ്ദേശസ്വയംഭരണ വകുപ്പിനുമാണ് വകയിരുത്തിയിരിക്കുന്നത്.

പട്ടികജാതി വികസന വകുപ്പിന് വകയിരുത്തിയ 1638.10 കോടി രൂപയിൽ വകുപ്പ് വഴി 1607.18 കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നത്.

ഈ തുകയിൽ പ്ലാൻ പ്രയോരിറ്റൈസേഷൻ പ്രകാരം 344.93 കോടി രൂപയുടെ കുറവാണ് വന്നിട്ടുള്ളത്.

സംസ്ഥാനത്തെ പട്ടികജാതി ജനസമൂഹം പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗമായതിനാൽ വകുപ്പ് നടപ്പിലാക്കുന്ന പ്രധാന പദ്ധതികളായ വിദ്യാഭ്യാസ സംബന്ധമായ പദ്ധതികൾ, ദുർബല വിഭാഗ പുനരധിവാസ പദ്ധതി, MRSകളുടെ നടത്തിപ്പ്, ആരോഗ്യ സുരക്ഷാ പദ്ധതി, പൗരാവകാശ സംരക്ഷണ നിയമവും അതിക്രമങ്ങൾ തടയൽ നിയമവും നടപ്പാക്കൽ പദ്ധതി എന്നിവയുടെ വിഹിത്തിൽ ഒന്നും കുറവ് വരുത്തിയിട്ടില്ല. വാത്സല്യ നിധി, വർക്കിംഗ് വിമിൻസ് ഹോസ്റ്റലുകൾ എന്നീ പദ്ധതികൾ 2024-25 സാമ്പത്തിക വർഷം നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ അവയുടെ വിഹിതം പൂർണ്ണമായും വെട്ടിച്ചുരുക്കിയിരുന്നു. മറ്റ് പദ്ധതികളിൽ അന്ന് നിലവിലുണ്ടായിരുന്ന അപേക്ഷകളും പ്രവർത്തികളും പൂർത്തീകരിക്കുന്നതിനുള്ള വിഹിതം കണ്ടെത്തിയതിന് ശേഷമാണ് വിഹിതത്തിൽ കുറവ് വരുത്തിയിട്ടുള്ളത്.

**(ഡി)** പ്രസ്തുത ഫണ്ട് വെട്ടിക്കുറച്ചത് പട്ടികജാതി വിഭാഗക്കാരോടുള്ള നീതി നിഷേധവും അവകാശ ലംഘനവുമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം പ്രവർത്തനങ്ങൾ ആവർത്തിക്കപ്പെടാതിരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** അത്തരം ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ഇ)** പ്രസ്തുത വിഭാഗങ്ങളുടെ പുരോഗതിക്കായുള്ള പദ്ധതികൾക്കായി ജനസംഖ്യാനുപാതികമായി ഫണ്ട് നീക്കി വയ്ക്കപ്പെടുന്നുവെന്നും അത് കൃത്യമായി ചെലവഴിക്കപ്പെടുന്നുവെന്നും വക മാറ്റി ചെലവഴിക്കുന്നില്ലായെന്നും ഉറപ്പുവരുത്തുന്നതിനായി 2017-ൽ തെലുങ്കാന സർക്കാർ നടപ്പാക്കിയ നിയമത്തിന് സമാനമായ ഒരു നിയമം സംസ്ഥാനത്തും കൊണ്ടുവരുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** 2011 സെൻസസ് പ്രകാരം പട്ടികജാതി ജനസംഖ്യ കേരളത്തിലെ ആകെ ജനസംഖ്യയുടെ 9.1% വരുന്നു. എന്നാൽ കേരള സർക്കാർ കേരളത്തിലെ പട്ടികജാതി ജനസംഖ്യയുടെ അനുപാതത്തേക്കാൾ കൂടുതലായി ആകെ ബജറ്റ് വിഹിതത്തിന്റെ 9.81% തുക പട്ടികജാതി ക്ഷേമത്തിനായി വകയിരുത്തുന്നു. കൂടാതെ, പട്ടികജാതി വികസന വകുപ്പിന് അനുവദിക്കുന്ന തുക ലാപ്സ് ആകുന്ന സാഹചര്യം നിലവിലില്ല.

**സെക്ഷൻ ഓഫീസർ**